**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 503** **13-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി മേഖലയിൽ പ്രത്യേക പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി കെ.കെ.രമ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രകൃതി ദുരന്തങ്ങളും കടൽക്ഷോഭവും കൂടിവരുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് നിരവധി ദിവസങ്ങളിൽ കടലിൽ പോകാൻ സാധിക്കാത്തതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സർക്കാർ മുന്നറിയിപ്പുകാരണം കടലിൽ പോകാൻ സാധിക്കാത്ത ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ദിവസവേതനമായി നിശ്ചിത തുക നൽകാൻ തയ്യാറാകുമോയെന്ന് അറിയിക്കുമോ; | (ബി) | 2020-21 ൽ കോവിഡ്-19, കാലാവസ്ഥ മുന്നറിയിപ്പ് എന്നിവയാൽ ജീവനോപാധി നഷ്ടപ്പെട്ട കടൽ, ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അടിയന്തിര ധനസഹായമായി 2,000/- രൂപ വീതവും അനുബന്ധത്തൊഴിലാ ളികൾക്ക് 1,000/- രൂപ വീതവും നൽകുന്നതിനായി 36.126 കോടി രൂപ അനുവദിക്കുകയും ആയത് 2,07,104 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തു. ടൗട്ടേ ചുഴലിക്കാറ്റ് മുന്നറിയിപ്പിനെ തുടർന്ന് കടൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിരുന്ന 6 ദിവസത്തേയ്ക്കുള്ള ധനസഹായം ഒരു കുടുംബത്തിന് 1,200/- രൂപ നിരക്കിൽ തിട്ടപ്പെടുത്തി 18.36 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 2,40,211 മത്സ്യത്തൊഴിലാ ളികൾക്കും 84,531 അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും 1,000/- രൂപ നിരക്കിൽ നൽകുന്നതിനായി 32.47 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി വിതരണം ചെയ്തു വരുന്നു. കോവിഡ് - 19 ന്റെ രണ്ടാം തരംഗത്തിന്റെയും ടൗട്ടേ ചുഴലിക്കാറ്റിന്റെ പ്രഭാവത്തിലുണ്ടായ പേമാരിയുടെയും പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഭക്ഷ്യ ഇനങ്ങൾ, മാസ്ക്, സാനിട്ടൈസർ എന്നിവ ഉൾപ്പെടുന്ന 20 ഇനങ്ങളുടെ കിറ്റ് സിവിൽ സപ്ലൈസ് മുഖേന റേഷൻ കടകൾ വഴി |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്. 1,22,377 കടൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | കൊവിഡിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി മേഖലയിലെ ജനങ്ങൾക്ക് പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ? | (സി) | കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രത്യേക പാക്കേജ് നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ